(കെ) പദ്ധതികളുടെ പണി കരാർ സമയത്ത് തന്നെ അവസാനിപ്പിക്കാൻ സാധിക്കാതെ വരുമ്പോഴും ബന്ധപ്പെട്ട എഞ്ചിനീയർമാരുടേയും കരാറുകാരുടേയും പേരിൽ നടപടികളും എടുക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൂർത്തീകരിക്കാത്ത 19 ജലസേചനപദ്ധതികളും ഉണ്ട്.

(ബി) ഒരു പദ്ധതി 1956-ലും ആറു പദ്ധതികളും 1961 മുതൽ 1963 വരെയുള്ള വർഷങ്ങളിലും നാലു പദ്ധതികളും 1975-77 വർഷങ്ങളിലും 8 എണ്ണം 1980-85 വർഷങ്ങളിലുമാണ് ആരംഭിച്ചിട്ടുള്ളത്.

(സി) ഓരോ പദ്ധതിയുടേയും പണി ആരംഭിച്ചതിനുശേഷം 10 വർഷങ്ങൾക്കുള്ളിൽ പൂർത്തിയാക്കണമെന്നുള്ളതായിരുന്നു ലക്ഷ്യം.

(ഡി) മൊത്തം 75244 ലക്ഷം രൂപ കൂടുതലായി ചെലവു വരുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) 3/86നു ശേഷം ചാലിയാർ ഒഴിച്ചുള്ളവയ്ക്ക് 44605 ലക്ഷം രൂപ വേണ്ടിവരുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ചാലിയാർ പദ്ധതിയുടെ ഉദ്ദേശ്യത്തുക 378 കോടി രൂപയാണ്.

(എഫ്) ഉണ്ട്.

(ജി) ഏഴാം പദ്ധതിക്കാലത്ത് പുതിയ പദ്ധതികളും ആരംഭിക്കാൻ ഉദ്ദേശിക്കുന്നില്ല.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

(ഐ) 248012 ഹെക്ടർ സ്ഥലം നനയ്ക്കാൻ സാധിക്കും.

(ജെ) പ്രതിവർഷം 8.9 ലക്ഷം ടൺ നെല്ലും 2.6 ലക്ഷം ടൺ മറ്റു വിളകളും ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(കെ) പദ്ധതികളുടെ പണികളും കരാർ വ്യവസ്ഥപ്രകാരം പൂർത്തിയാക്കാൻ സാധിക്കാതെ വരുമ്പോഴും കരാർ വ്യവസ്ഥകൾ അനുസരിച്ചുള്ള നടപടികളും എടുക്കുന്നുണ്ട്.

മാനന്തവാടി പദ്ധതി

916 [1094] ശ്രീ. സി. പി. മുസ്സാൻകുട്ടി: താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാനന്തവാടി പദ്ധതിയുടെ പണി എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

പദ്ധതിയുടെ ഡാം സൈറ്റ് മാറ്റിയുള്ള അന്വേഷണം നടന്നു വരുന്നതേയുള്ളു. കാവേരിയുടെ പോഷക നദിയിലുള്ള പദ്ധതിയായതുകൊണ്ട് ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ സമ്മതം പദ്ധതി ഏറ്റെടുക്കാൻ വേണം. വനം വെട്ടിതെളിക്കുന്നതിനു കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയും ലഭിക്കണം. അതുകൊണ്ട് പണി എന്നു തുടങ്ങാമെന്നു കൃത്യമായി പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly